**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 284** | **08-06-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബി വഴി നടപ്പിലാക്കുന്ന തീരദേശ ഹൈവേ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി വഴി നടപ്പിലാക്കുന്ന തീരദേശ ഹൈവേ പദ്ധതിയുടെ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിന് കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | തീരദേശ ഹൈവേ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു. തീരദേശ ഹൈവേ ഒരു ബൃഹത് പദ്ധതി ആയതിനാൽ, തികച്ചും 'ഡിസൈൻഡ് റോഡുകൾ' ആയിട്ടാണ് നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഇത് കൂടാതെ മത്സ്യബന്ധനം, ടൂറിസം, മറ്റു തീരദേശാനുബന്ധ വ്യവസായങ്ങൾ എന്നിവയ്ക്കും മുതൽ കൂട്ടാകുന്ന രീതിയിലാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. തീരദേശ ഹൈവേയുടെ നീളം ഏകദേശം 655 കിലോമീറ്റർ ആണ്. 6500 കോടിയുടെ ഭരണാനുമതി ഇതിനായി ലഭിച്ചിട്ടുണ്ട്. നിലവിൽ നടന്നുവരുന്ന പ്രവർത്തികൾ 6500 കോടിയുടെ ഭരണാനുമതി ഉള്ളതിൽ 645 കോടിയുടെ പദ്ധതികൾ KIIFB അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 32.7 കിലോമീറ്ററിന്റെ റോഡുകളും, രണ്ടു പാലങ്ങളും കൂടാതെ 21.6 കിലോമീറ്ററിന്റെ ഭൂമി ഏറ്റെടുക്കൽ പ്രവർത്തികളും ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് കാരണം അനിവാര്യമായ പുനരധിവാസ പ്രവർത്തികൾ നടപ്പിലാകുന്നതിലേക്കായി കേരള തീരദേശ വികസന കോർപറേഷനെ (KSCADC) SPV ആയി നിയമിക്കാനുള്ള പ്രവർത്തികൾ നടന്നുവരുന്നു. ഏകദേശം 260 കിലോമീറ്റർ റോഡിന്റെ അലൈൻമെൻറ്റ് രൂപരേഖ KIIFB മുഖാന്തരം തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 90 കിലോമീറ്റർ റോഡിന്റെ വിശദപഠന റിപ്പോർട്ട് (DPR) തയ്യാറാക്കിവരുന്നു. എറണാകുളം തൃശ്ശൂർ ജില്ലകളിൽ വിശദപഠന റിപ്പോർട്ട് തയ്യാറാക്കാനുള്ള ടെൻഡർ നടപടികൾ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) നടത്തിവരുന്നു. |
| (ബി) | തീരദേശ ഹൈവേ ആകെ എത്ര കിലോമീറ്ററാണെന്നും അതിൽ മുൻ സർക്കാരിന്റെ | (ബി) | തീരദേശ ഹൈവേ 655 കിലോമീറ്റർ ആണ്. ഇതിൽ 18.8 കിലോമീറ്റർ റോഡിന്റെ പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | കാലയളവിൽ എത്ര കിലോമീറ്റർ റോഡിന്റെ പണി പൂർത്തിയാക്കിയെന്നും അറിയിക്കാമോ; | | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ചിട്ടുണ്ട്. |
| (സി) | തീരദേശ ഹൈവേയിൽ കടലാക്രമണത്തെ ചെറുക്കുന്ന തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആണോ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (സി) | തീരദേശ ഹൈവേ തീരത്തോട് സാമാന്യം അടുത്ത രീതിയിൽ കടന്നുപോകുന്ന സ്ഥലങ്ങളിൽ തീരദേശ സംരക്ഷണം കൂടി ഉൾപ്പെടുത്തിയാണ് തീരദേശ ഹൈവേയുടെ വിശദപഠന റിപ്പോർട്ട് തയ്യാറാക്കുന്നത്. |
| (ഡി) | ഈ വർഷം ചുഴലിക്കാറ്റ് മൂലമുണ്ടായ കനത്ത മഴയും കടലാക്രമണവും കിഫ്ബി വഴി നടപ്പിലാക്കുന്ന തീരദേശ നിർമ്മാണ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ബാധിച്ചിട്ടുണ്ട്. തീരസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന കാസർഗോഡ്ജില്ലയിലെ മഞ്ചേശ്വരം, കണ്ണൂർ ജില്ലയിലെ തലായ്, മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി, തൃശ്ശൂർ ജില്ലയിലെ ചേറ്റുവ എന്നിവടങ്ങളിൽ ഗ്രോയിനുകൾക്ക്ചെറിയ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. കൂടാതെ നിർമ്മാണ സാമഗ്രികൾ കൊണ്ടു വരുന്ന റോഡുകൾക്ക് നാശം സംഭവിച്ചിട്ടുള്ളതിനാൽ നിലവിൽ പലയിടങ്ങളിലും നിർമ്മാണം തുടരുന്നതിന് തടസ്സം ഉണ്ട്. നിർമ്മാണ പ്രവർത്തികളുടെ ലിസ്റ്റ്ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

## List of projects

| Sl No | SPV | Project code | District | Name of work | Project cost | Remarks |
|---|---|---|---|---|---|---|
| 1 | KSCADC | FSH001-01-01 | Kannur | Fishing Harbour projects- Thalai in kannur-Construction of additional Groynes | 2.91 | Minor washout in two groynes |
| 2 | KSCADC | FSH001-01-02 | Kasaragode | Shore Protection Manjeshwaram | 13.47 | Minor washout in 2 groyne and significant washouts in 3 groynes |
| 3 | KSCADC | FSH001-01-04 | Thrissur | Construction of Groins on Southern side of Estuary of Chettuva Fishing Harbour | 2.91 | Major wash out in 1 groyne |
| 4 | KSCADC | FSH005-01 | Kollam | Shore protection work from Kollam beach to Thanni in Kollam district | 35.08 | No major impacts |
| 5 | KIIDC | WRD001-01-01 | Alappuzha | Construction of groynes at Ambalapuzha in between chainage. 77.340 to 82.740 km | | |
| 6 | KIIDC | WRD001-02-01 | Alappuzha | Construction of 21nos groyne field at Arattupuzha in between chainage. 56.600 to 57.800 KM at Arattupuzha Grama Panchayath in Harippad constituency | | |
| 7 | KIIDC | WRD001-03-01 | Alappuzha | Construction of 13 nos groyne field at Pathiankara in between chainage. 60.100 to 61.600 km at Trikkunnapuzha Grama Panchayath in Harippad constituency in Alappuzha district | 175.49 | No major impacts |
| 8 | KIIDC | WRD001-04-01 | Alappuzha | Construction of 16 nos groyne field at Vattachal in between chainage. 53.400 to 55.200 KM at Arattupuzha Grama Panchayath in Harippad constituency in Alappuzha district | | |
| 9 | KIIDC | WRD001-07-01 | Alappuzha | Construction of groyne field at Kattoor from chainage 168.465 to 171.627 KM (old C 99.535 KM ) at Alappuzha district | | |